13

# “സമയം ഇപ്പോഴാകുന്നു”

രക്ഷയെകുറിച്ചുള്ള പഠനം വെറുമൊരു ബുദ്ധിപരമായ അഭ്യാസം മാത്രമല്ല. ഒരു വ്യക്തി കർത്താവു നല്കുന്ന രക്ഷ സ്വീകരി ക്കുവാൻ ചലിക്കുന്നില്ലെങ്കിൽ അതിന്റെ ഉദ്ദേശം പൂർണ്ണമായി നേടിയില്ല. ഇതു ഏതെങ്കിലും വിധത്തിൽ അയാളെ മാറ്റുന്നില്ലെങ്കിൽ ഇതു പഠിക്കുവാൻ അയാൾ ചെലവഴിച്ച സമയം പാഴാക്കിയിരിക്കുന്നു.

**സ്വയ - പരിശോധനക്കുള്ള സമയം**

ഇതു സ്വയ – പരിശോധനക്കുള്ള സമയമാണ്. നിങ്ങളുടെ ആത്മാവിന്റെ ആവശ്യങ്ങൾക്കായി ആത്മാർത്ഥമായും തീവ്രമായും കരുതേണ്ട സമയം ഇപ്പോഴാണ്. നിങ്ങളുടെ ആത്മീയാവശ്യങ്ങൾക്കു വേണ്ടി തീരുമാനം എടുക്കാൻ എനിക്കു സാദ്ധ്യമല്ല; ദൈവ വചനാടിസ്ഥാനത്തിന്മേൽ അതു നിങ്ങൾ തന്നെ തീരുമാനിക്കണം.

ആദ്യമായി, നിങ്ങൾ ബൈബിളിലും, യേശുവിലും ദൈവത്തിലും വാസ്തവമായി വിശ്വസിക്കുന്നുണ്ടോ എന്നു നിങ്ങളോടു തന്നെ ചോദിക്കുക. നിങ്ങൾക്കു സംശയങ്ങൾ ഉണ്ടെങ്കിൽ ഈ പ്രസിദ്ധീകരണം നിങ്ങൾക്കു തന്ന ആളോടു ചോദിക്കുക. അങ്ങനെ കൂടുതൽ പഠിക്കുവാൻ സാധിക്കും. കൂടാതെ ബൈബിൾ തുടർന്നും വായിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. കാരണം, “വിശ്വാസം കേൾവിയാലും കേൾവി ... ക്രിസ്തുവിന്റെ വചനത്താലും വരുന്നു” (റോമർ 10:17; യോഹന്നാൻ 20:30, 31). നിങ്ങൾ യേശുവിൽ, വിശ്വസിക്കുന്നു *എങ്കിൽ* നിങ്ങളുടെ വിശ്വാസം ഏറ്റു പറയുവാൻ നിങ്ങൾക്കു മനസുണ്ടോ?

അതിലുപരി, നിങ്ങളുടെ പാപത്തെയും നഷ്ടത്തെയും കുറിച്ചു നിങ്ങൾക്കു അറിവുണ്ടോ? ദൈവ സഹായത്തോടെ നല്ല ജീവിതം നയിക്കുവാനുള്ള സമർപ്പണം എടുക്കുവാൻ നിങ്ങൾ തയ്യാറാണോ?

“ഉണ്ടെങ്കിൽ” നിങ്ങൾ വചനപ്രകാരം സ്നാനമേറ്റിട്ടുണ്ടോ, എന്നു സ്വയം ചോദിക്കുക. ചോദ്യം നിങ്ങൾ ഒരു ചടങ്ങിനു വേണ്ടി “സ്നാനമോ,” മാമോദീസയോ ഏറ്റിട്ടുണ്ടോ എന്നല്ല, പുതിയ നിയമത്തിൽ പഠി

പ്പിക്കുന്നതുപോലെയുള്ള സ്നാനം എടുത്തിട്ടുണ്ടോ എന്നാണ്. മുഖവുരയിൽ നിങ്ങൾ പൂരിപ്പിച്ച ചോദ്യാവലിയിലേക്കുപോയി നോക്കുക. നിങ്ങൾ അവിടെ എഴുതിയതും ബൈബിൾ സ്നാനത്തെക്കുറിച്ചു പഠിപ്പിക്കുന്നതുമായി താരതമ്യം ചെയ്യുക (4ഉം 5ഉം പാഠങ്ങൾ ആവർത്തിച്ചു നോക്കുക). ബൈബിളിൽ വിവരിച്ചിരിക്കുന്ന രീതി, യിലല്ല നിങ്ങൾ സ്നാനപ്പെട്ടതെങ്കിൽ, നിങ്ങൾ തിരുവെഴുത്തിൽ പറയുന്ന ശരിയായ സ്നാനമേല്ക്കണം. ഈ പ്രസിദ്ധീകരണം നിങ്ങൾക്കു തന്ന വ്യക്തിയോടു പറയുക. ഇതിനു വേണ്ട സഹായം അദ്ദേഹം ചെയ്തു തരും.

നിങ്ങളുടെ സ്നാനം വചനാടിസ്ഥാനപ്രകാരം ശരിയായിരുന്നു എങ്കിൽ, നിങ്ങളുടെ ആരാധനയെ സംബന്ധിച്ചാണ് ചോദ്യം. പുതിയ നിയമത്തിൽ വായിക്കുന്നതു പോലെയുള്ള സഭയിലാണോ നിങ്ങൾ ആരാധിക്കയും സേവിക്കയും ചെയ്യുന്നതു?

ഒരു പക്ഷേ നിങ്ങൾ ഒരു മത വിഭാഗവുമായി ബന്ധപ്പെട്ടായിരിക്കയില്ല പോകുന്നത്. അങ്ങനെ എങ്കിൽ, എനിക്കു വീണ്ടും അപേ ക്ഷിക്കുവാനുള്ളതു നിങ്ങളുടെ അടുത്തുള്ള കർത്താവിന്റെ സഭയിലെ അംഗങ്ങൾ നിങ്ങളെ നിങ്ങളെ "പരിശോധിക്കുവാൻ സഹായിക്കും" (1 യോഹന്നാൻ 4:1). ഇതു വായിക്കുവാൻ നിങ്ങളെ ഉത്തേജിപ്പിച്ചതു ഒരു പക്ഷേകർത്താവിന്റെ സഭയിലെ അംഗമാകാം; അങ്ങനെയെങ്കിൽ, അദ്ദേഹം നിങ്ങളുടെ ചോദ്യങ്ങളെ സ്വാഗതം ചെയ്യും.

മറിച്ചു നിങ്ങൾ ഏതെങ്കിലും മതവിഭാഗങ്ങളിൽ ബന്ധപ്പെട്ടാണ് പോകുന്ന *തെങ്കിൽ*, സഭയെ സംബന്ധിച്ച് പുതിയ നിയമം എന്താണ് പഠിപ്പിക്കുന്നതെന്നു പരിശോധിക്കണം (പാഠങ്ങൾ6 മുതൽ 11 വരെ ആവർത്തിച്ചു നോക്കുക). 11–ാം പാഠത്തിലെ നടപടി ക്രമങ്ങളെ പ്രയോഗത്തിൽ വരുത്തുക. നിങ്ങളുടെ സഭ, പുതിയ നിയമ മാതൃക പ്രകാരമല്ലെങ്കിൽ ബൈബിൾ അനുസരിച്ചു പോകുന്ന ആത്മീയ ഭവനം കണ്ടെത്തണം.

**അനുസരണത്തിനുള്ള സമയം**

നിങ്ങൾ ചെയ്യേണ്ടതെന്തെന്നു ഒരിക്കൽ മനസിലായാൽ, പിന്നെ താമസിക്കരുത് ഉടനെ പ്രവർത്തിക്കണം. നമ്മുടെ പഠനം, ഞാൻ അവസാനിപ്പിക്കുന്നതുകൊണ്ടു തിരുവെഴുത്തിലെ മൂന്നു വേദഭാഗങ്ങൾ പരിഗണനക്കായിതരുന്നു:

ഒന്നാമത്തേതു യാക്കൊബ് 4:17 ആണ്. യാക്കൊബ് പറഞ്ഞു, "ആകയാൽ, നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന്നു, അതു പാപമത്രെ" ''ശരിയായ കാര്യം" ചെയ്യുവാൻ നിങ്ങൾക്കു അറിയാമോ? നിങ്ങൾ സ്നാനപ്പെടേണ്ടതാണെന്നു നിങ്ങൾക്കറിയാമോ? നിങ്ങൾക്കറിയാമെങ്കിൽ, അറിഞ്ഞിട്ടു ചെയ്യാതിരിക്കുന്നതു പാപമാണ്.

മതപരമായി നിങ്ങൾ മാറേണ്ടതാണെന്നു നിങ്ങൾക്കറിയാമോ? അങ്ങനെ അറിഞ്ഞിട്ടു, നിരസിച്ചു ചെയ്യാതിരിക്കുന്നു എങ്കിൽ അതു പാപമാണ്.

രണ്ടാമത്തെ വേദഭാഗം യോഹന്നാൻ 14:15 ആണ്. യേശു പറഞ്ഞു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ, എന്റെ കല്പനകളെ പ്രമാണിക്കും." നിങ്ങൾ കർത്താവിനെ സ്നേഹിക്കുന്നു എങ്കിൽ, സ്നാനപ്പെടേണം എന്നു മനസിലായാൽ അതു ചെയ്യും. നിങ്ങൾ യഥാസ്ഥാനപ്പെടേണം എന്നറിയുന്നു എങ്കിൽ, കർത്താവിനെ സ്നേഹിക്കുന്നു എങ്കിൽ യഥാസ്ഥാനപ്പെടും. മതപരമായി നിങ്ങൾക്കു മാറ്റം ആവശ്യമാണെന്നറിഞ്ഞാൽ, കർത്താവിനെ സ്നേഹിക്കുന്നു എങ്കിൽ നിങ്ങൾ മാറും.

മൂന്നാമത്തെ വേദഭാഗം 2 കൊരിന്ത്യർ 6:2 ആണ്, "പ്രസാദകാലത്തു ഞാൻ നിനക്കു ഉത്തരം അരുളി, 'രക്ഷാദിവസത്തിൽ ഞാൻ സഹായിച്ചു എന്നു അവൻ, അരുളിച്ചെയ്തിരിക്കുന്നുവല്ലോ' ഇപ്പോൾ, 'ആകുന്നു രക്ഷാസമയം'". നിങ്ങൾ എന്തു ചെയ്യണമെന്നു ഒരിക്കൽ മനസ്സിലായാൽ താഴെ കൊടുക്കുന്ന മൂന്നിൽ ഏതെങ്കിലും ഒന്നു സംഭവിക്കും:

- നിങ്ങൾ അനുസരിക്കുന്നതിനു മുൻപു കർത്താവു വന്നേക്കാം. അവന്റെ വരവിനായി നിങ്ങൾ ഒരുങ്ങണം എന്നു ബൈബിൾ പഠിപ്പിക്കുന്നു, "അങ്ങനെ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ" (മത്തായി 24:44). ദൈവേഷ്ടം എങ്കിൽ അവൻ ഇന്നു വേണമെങ്കിൽ വരാം.
- അനുസരിക്കുന്നതിനു മുമ്പേ നിങ്ങൾ മരിച്ചേക്കാം. ഒരുമനുഷ്യനും തന്റെ ആയുസ്സിനെകുറിച്ചു ഉറപ്പില്ല. "... ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" (എബ്രായർ 9:27).
- നിങ്ങളുടെ ഹൃദയം കഠിനപ്പെട്ടേക്കാം. യേശുവിന്റെ ക്ഷണം നിരസിക്കുമ്പോഴേക്കും മനുഷ്യരുടെ ഹൃദയം കഠിനപ്പെട്ടുകൊണ്ടേയിരിക്കും. പിന്നീടു യേശുവിനെ അനുസരിക്കുവാൻ കൂടുതൽ പ്രയാസമായിരിക്കും. നിരസിക്കുക എളുപ്പമാകും. പിന്നെ മാനസാന്തരപ്പെടാൻ കഴിയാത്തവിധം ഒരാളുടെ ഹൃദയം കഠിനപ്പെട്ടേക്കാം (എബ്രായർ 6:4–6). "ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുമ്പോൾ ഹൃദയത്തെ കഠിനമാക്കരുത്" എബ്രായർ 4:7.

**ഉപസംഹാരം**

"ദൈവത്തോടടുക്കുവാൻ" എന്തു ചെയ്യണമെന്നു, ഒരുമിച്ചുള്ള ഈ പഠനത്തിൽ നിന്നു നിങ്ങൾ നമസിലാക്കി എന്നു ഞാൻ കരുതുന്നു (എബ്രായർ 7:25; യാക്കൊബ് 4:8). അങ്ങനെ എങ്കിൽ, നിങ്ങൾ ചെയ്യേണ്ടതു താമസിപ്പിക്കാതെ ചെയ്യുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ഈ പ്രസിദ്ധീകരണം നിങ്ങൾക്കു തന്ന വ്യക്തിയോടു സംസാരിക്കുക. ഇന്നു

സമാധാനം കണ്ടെത്തുകയും നാളത്തേക്കു പ്രത്യാശ ലഭിക്കുകയും ചെയ്യാൻ അദ്ദേഹം സഹായിക്കും.

ജീവകിരീടം പ്രാപിക്കുവാനാണ് ഞാൻ താല്പര്യപ്പെടുന്നതു (വെളിപ്പാട് 2:10). ദൈവം വസിക്കുന്ന സ്ഥലത്ത് പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു, “ഞാൻ അവരുടെ ദൈവമായി അവരോടു കൂടെയിരിക്കും. അവൻ അവരുടെ കണ്ണുനീർ എല്ലാം തുടെച്ചുകളയും, ഇനി മരണം ഉണ്ടാകില്ല ദുഃഖവും, മുറവിളിയും, കഷ്ടതയും ഇനി ഉണ്ടാകയില്ല; [വേണ്ടി] ഒന്നാമത്തേതു കഴിഞ്ഞു പോയി” (വെളിപ്പാട് 21:4). എന്റെ പ്രിയപ്പെട്ടവരെല്ലാം ഒരുദിവസം അവിടെ കാണുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. *നിങ്ങളെയും* അവിടെ കാണുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!